**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2020** **01-09-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂരിലെ പോലീസ് ഗ്രൗണ്ട് നവീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ആഭ്യന്തര വകുപ്പിന് കീഴിലുള്ള പയ്യന്നൂരിലെ പോലീസ് ഗ്രൗണ്ട് നവീകരിച്ച് സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷിക സ്മാരകമാക്കിമാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഈ വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) | വിവിധ കേസുകളിൽപ്പെടുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനാണ് നിലവിൽ പ്രസ്തുത മൈതാനം ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ സൂക്ഷിക്കുന്നതിന് പയ്യന്നൂർ പോലീസ് സ്റ്റേഷന് കീഴിൽ മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാൽ സ്റ്റേഷനോടനുബന്ധിച്ചുള്ള പോലീസ് മൈതാനിയിൽ നിലവിൽ കേസിൽ ഉൾപ്പെട്ടതായ വാഹനങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ 19 വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | എങ്കിൽ അതിന് ബദൽ സംവിധാനം ഒരുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വിവിധ കേസുകളിൽ ഉൾപ്പെട്ടതും മറ്റ് രീതിയിൽ പോലീസ് പിടിച്ചെടുക്കുന്നതുമായ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് നിലവിൽ പയ്യന്നൂർ പോലീസ് സ്റ്റേഷന് കീഴിൽ മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാൽ അത്തരം വാഹനങ്ങൾ സൂക്ഷിക്കുന്നതിന് കോറോം വില്ലേജിൽ റവന്യൂ വകുപ്പിനു കീഴിൽ അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തിയിട്ടുള്ളതും ആയത് ഡമ്പിംഗ് യാർഡ് ആയി ഉപയോഗിക്കുന്നതിന് പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനു നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ